**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 517** **09-08-2023 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭ നടത്തിപ്പ് ചെലവുകളുടെ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ലോക കേരള സഭയ്ക്ക് ഈ വർഷം വകയിരുത്തിയിട്ടുള്ള ബജറ്റ് തുകയിൽ മേഖല സമ്മേളനത്തിന്റെ ചെലവിനായി തുക അനുവദിച്ചിട്ടുണ്ടോ; | (എ) | 2023-24 സാമ്പത്തിക വർഷത്തിൽ ലോക കേരള സഭയുടെ നടത്തിപ്പിനായി 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ലോക കേരള സഭയുടെ മേഖല സമ്മേളനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ന്യൂയോർക്കിൽ വച്ച് നടന്ന മേഖല സമ്മേളനത്തിന്റെ വരവ് ചെലവ് കണക്കുകൾ ലഭ്യമാണോ; വിശദാംശം നൽകുമോ; | (ബി) | സമ്മേളനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്തത് അമേരിക്കൻ മലയാളികളുടെ നേതൃത്വത്തിൽ രൂപീകരിച്ച ഓർഗനൈസിംഗ് കമ്മിറ്റിയുടെ കീഴിലുള്ള ഫിനാൻസ് കമ്മിറ്റിയാണ്. |
| (സി) | ഈ വർഷം സെപ്റ്റംബറിൽ സൗദി അറേബ്യയിൽ വച്ച് നടക്കുന്ന മേഖല സമ്മേളനത്തിന്റെ പ്രതീക്ഷിത ചെലവ് അറിയിക്കാമോ; | (സി) | ലോക കേരള സഭയുടെ മേഖലാ സമ്മേളനം സൗദി അറേബ്യയിൽ വെച്ച് നടത്തുന്നതിനുള്ള അന്തിമ തീരുമാനമായിട്ടില്ല. |
| (ഡി) | ലോക കേരള സഭയുടെ ചെലവുകൾ ഓഡിറ്റിംഗിന് വിധേയമാണോ; ഇല്ലെങ്കിൽ ഓഡിറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ലോക കേരള സഭയ്ക്ക് വർഷാവർഷം ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയുടെ നിയമാനുസൃതമുള്ള ഓഡിറ്റിംഗ് കൃത്യമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ